**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 91** **04-07-2022 - ൽ മറുപടിയ്ക്ക്**

**റീസർവ്വേയിൽ കണ്ടെത്തുന്ന അധിക ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടക്കുന്ന ഡിജിറ്റൽ റീസർവ്വേയിൽ സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ വിസ്തീർണ്ണം കൈവശ രേഖയിൽ ഉള്ളതിനേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയാൽ അധിക ഭൂമി കൈവശക്കാരന് പതിച്ച് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | റീസർവ്വെയ്ക്കു ശേഷം വിസ്തീർണ്ണ വർദ്ധനവ് വരുന്ന കേസുകളിൽ റീസർവ്വെയ്ക്ക് മുൻപ് ആധാര പ്രകാരം പോക്കുവരവ് ചെയ്ത് കരമൊടുക്കി വന്നതിന്റെ അടിസ്ഥാനത്തിലും വിസ്തീർണ്ണം കുറവുള്ള കേസുകളിൽ കൈവശത്തിലുള്ള ഭൂമിയ്ക്കും, കരം ഒടുക്കി നൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ട്, ബന്ധപ്പെട്ട കക്ഷി ഡിക്ലറേഷൻ നൽകുന്ന സംഗതിയിൽ, അവയ്ക്ക് കരം തീർത്ത് നൽകുന്നതിന് 21/04/2022 സ.ഉ (കൈ) നം.110/2022/റവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. റീസർവ്വെയ്ക്ക് ശേഷം സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ വിസ്തീർണ്ണം കൈവശ രേഖയിൽ ഉള്ളതിനേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയാൽ അധിക ഭൂമിയ്ക്ക് ഉടമസ്ഥത നൽകുന്ന വിഷയത്തിൽ നിയമനിർമ്മാണം ഉൾപ്പെടെയുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരികയാണ്. റീസർവ്വെ പ്രവർത്തന സമയത്തിലും ഭൂ പരിപാലന ജോലിയിലും റവന്യൂ സർവ്വെ നിയമ സമന്വയമില്ലാത്തതിനാൽ തീരുമാനങ്ങളെടുക്കാൻ കഴിയാതിരിക്കുകയും റിക്കാർഡുകളിലെ അവ്യക്തതയും കാരണം സമയബന്ധിതമായി ജോലികൾ പൂർത്തിയാക്കുന്നതിന് സാധിക്കാതെ വരുന്നു. തന്മൂലം സർവ്വെ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയാലും ഇത്തരം ഭൂ പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ നിരവധി ഭൂ പരാതികൾക്ക് ഇടയാക്കുന്നു. സർവ്വെ ജോലിയിൽ നേരിടുന്ന ഇത്തരം പ്രശ്നങ്ങൾ സർവ്വെ ഉദ്യോഗസ്ഥർക്ക് മാത്രമായി പരിഹരിക്കാൻ സാധിക്കുന്നതല്ല. സർവ്വെ റവന്യൂ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ മാത്രമേ ഇതിന് പരിഹാരം കാണുന്നതിന് സാധിക്കുകയുള്ളൂ. ഇത്തരം പ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിന് ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ഭാഗമായി റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ ഒരു സെറ്റിൽമെന്റ് സംവിധാനം തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ പതിച്ച് നൽകുന്ന ഭൂമിയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നിബന്ധനകൾക്ക് വിധേയമായി പതിച്ച് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | റീസർവ്വെയ്ക്ക് ശേഷം വിസ്തീർണ്ണ വർദ്ധനവ് വരുന്ന കേസുകളിൽ റീസർവ്വെയ്ക്ക് മുൻപ് ആധാര പ്രകാരം പോക്കുവരവ് ചെയ്ത് കരമൊടുക്കി വന്നതിന്റെ അടിസ്ഥാനത്തിലും വിസ്തീർണ്ണം കുറവുള്ള കേസുകളിൽ കൈവശത്തിലുള്ള ഭൂമിയ്ക്കും, കരം ഒടുക്കി നൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ട്, ബന്ധപ്പെട്ട കക്ഷി ഡിക്ലറേഷൻ നൽകുന്ന സംഗതിയിൽ, അവയ്ക്ക് കരം തീർത്ത് നൽകുന്നതിന് 21/04/2022 സ.ഉ (കൈ) നം.110/2022/റവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. റീസർവ്വെയ്ക്ക് ശേഷം സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ വിസ്തീർണ്ണം കൈവശ രേഖയിൽ ഉള്ളതിനേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയാൽ അധിക ഭൂമിയ്ക്ക് ഉടമസ്ഥത നൽകുന്ന വിഷയത്തിൽ നിയമനിർമ്മാണം ഉൾപ്പെടെയുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരികയാണ്. റീസർവ്വെ പ്രവർത്തന സമയത്തിലും ഭൂ പരിപാലന ജോലിയിലും റവന്യൂ സർവ്വെ നിയമ സമന്വയമില്ലാത്തതിനാൽ തീരുമാനങ്ങളെടുക്കാൻ കഴിയാതിരിക്കുകയും റിക്കാർഡുകളിലെ അവ്യക്തതയും കാരണം സമയബന്ധിതമായി ജോലികൾ പൂർത്തിയാക്കുന്നതിന് സാധിക്കാതെ വരുന്നു. തന്മൂലം സർവ്വെ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയാലും ഇത്തരം ഭൂ പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ നിരവധി ഭൂ പരാതികൾക്ക് ഇടയാക്കുന്നു. സർവ്വെ ജോലിയിൽ നേരിടുന്ന ഇത്തരം പ്രശ്നങ്ങൾ സർവ്വെ ഉദ്യോഗസ്ഥർക്ക് മാത്രമായി പരിഹരിക്കാൻ സാധിക്കുന്നതല്ല. സർവ്വെ റവന്യൂ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ മാത്രമേ ഇതിന് പരിഹാരം കാണുന്നതിന് സാധിക്കുകയുള്ളൂ. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ഭാഗമായി റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ ഒരു സെറ്റിൽമെന്റ് സംവിധാനം തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | റീസർവ്വേ നടപടികളുടെ ഭാഗമായി ഓരോ ജില്ലയിലും സ്വകാര്യ വ്യക്തികൾ അധികമായി കൈവശം വച്ചിട്ടുള്ള ഭൂമിയും അവകാശികൾ ഇല്ലാത്ത ഭൂമിയും സർക്കാർ ഭൂമിയും കണ്ടെത്തി ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തി ഭൂരഹിതരും ഭവന രഹിതരുമായവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | 1964 ലെ കേരള സർവെ അതിരടയാള ചട്ടങ്ങളിലെ ചട്ടം 83 പ്രകാരം, സ്വകാര്യ വ്യക്തികളുടെ ഭൂമിയോട്ടു ചേർന്നു കിടക്കുന്ന സർക്കാർ ഭൂമിയുടെ വിസ്തീർണ്ണം കുറവാകുകയും, സ്വകാര്യ ഭൂമിക്ക് വിസ്തീർണ്ണം കൂടുതലുമായാൽ, പുറമ്പോക്ക് കയ്യേറ്റമെന്ന് കണക്കാക്കി, കൂടുതലായ സ്വകാര്യ ഭൂമി |

| | | | |
|---|---|---|---|
| | | | പുറമ്പോക്കിലേക്ക് കൂട്ടിച്ചേർക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവകാശികൾ ഇല്ലാത്ത സ്വകാര്യ ഭൂമികൾ 1964-ലെ കേരള അന്യം നിന്ന വസ്തുക്കൾ കണ്ടുകെട്ടൽ നിയമപ്രകാരം ഏറ്റെടുത്ത് ഭൂരഹിതർക്ക് പതിച്ച് കൊടുക്കുന്നുണ്ട്. ഡിജിറ്റൽ സർവ്വെ പൂർത്തിയാകുന്നതോടെ ഇത്തരത്തിലുള്ള മുഴുവൻ ഭൂമിയും കണ്ടെത്തി സംരക്ഷിക്കുന്നതിനും തുടർന്ന് അർഹരായ ഭൂ രഹിതർക്ക് പതിച്ച് കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും |

സെക്ഷൻ ഓഫീസർ